കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്
പട്ടികവർഗ്ഗവികസനവകുപ്പ്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# സമഗ്ര

## ആദിവാസിസാക്ഷരത - തുടർവിദ്യാഭ്യാസപദ്ധതി
## പ്രവർത്തനമാർഗരേഖ

title
Guideline for SAMAGRA:
literacy and continuing education project for tribes
by
Kerala Literacy Mission Authority
Published on
19th January 2018
chief editor
Dr.P.S.Sreekala, director, kslma
copyright: kerala state literacy mission authority
cover Design
renjith puthenchira
Layout
Udayakala
cover Photo
Nityan
published by
KERALA STATE LITERACY MISSION AUTHORITY
Tc no:27/1461, Kammattam Lane, Convent Road
vanchiyoor, Thiruvananthapuram-35
phone: 0471-2472253,2472254
email: stateliteracymission@gmail.com

# ആമുഖം

രണ്ടരപ്പതിറ്റാണ്ടുമുമ്പ് ആർജ്ജിച്ച സമ്പൂർണ്ണസാക്ഷരത എന്ന നേട്ടം നിലനിർത്തിപ്പോരുന്ന സംസ്ഥാനമാണ് കേരളം. അതേസമയം, പാർശ്വ വൽകൃതരും അദൃശ്യരുമായവർ നിരക്ഷരതയുടെ തുരുത്തുകളായി അവശേഷിക്കുന്നുണ്ട്. വിദ്യാഭ്യാസപിന്നാക്കാവസ്ഥ അവർക്കിടയിലെ സാമൂഹ്യപിന്നാക്കാവസ്ഥയ്ക്കു മുഖ്യ കാരണമാണ്. അതുപരിഹരിച്ചു കൊണ്ടുമാത്രമേ കേരളത്തിന്റെ സാമൂഹ്യമുന്നേറ്റം അർത്ഥവത്താകൂ. 'നിരക്ഷരതയുടെ തുരുത്തുകൾപോലും അവശേഷിക്കരുത്' എന്ന ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശം നവകേരളം യാഥാർത്ഥ്യമാക്കുന്ന തിന് പ്രധാനമാണെന്ന് സാക്ഷരതാമിഷൻ തിരിച്ചറിയുന്നു. ആദി വാസി- തീരദേശ-പട്ടികജാതി-നഗര ചേരിപ്രദേശ മേഖലകൾക്ക് സവി ശേഷ ഊന്നൽ നൽകിക്കൊണ്ടുള്ള സാക്ഷരതാതുടർവിദ്യാഭ്യാസപദ്ധ തികൾ സാക്ഷരതാമിഷൻ ആവിഷ്കരിക്കുന്നത് ഈ പശ്ചാത്തലത്തി ലാണ്. അട്ടപ്പാടിയിലും വയനാട്ടിലും ആദിവാസി സാക്ഷരതാതുടർ വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കിവരുന്നു. ഇപ്പോൾ പട്ടികവർഗവകു പ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ നൂറ് ആദിവാസി കോള നികളിലേക്ക് സാക്ഷരതാ തുടർവിദ്യാഭ്യാസപദ്ധതി - 'സമഗ്ര'-ക്ക് തുടക്കം കുറിക്കുകയാണ്.

സമൂഹത്തിലെ എല്ലാ വിഭാഗവും സാമൂഹ്യപുരോഗതിയുടെ നേട്ടവും ജനാധിപത്യാവകാശങ്ങളും അനുഭവിക്കുമ്പോഴാണ് വികസനം യാഥാർത്ഥ്യമാകുന്നത് എന്ന തിരിച്ചറിവിൽ, നമ്മുടെ സഹോദരങ്ങളായ, ഈ മണ്ണിന്റെ അവകാശികളായ, ആദിമനിവാസി കളായ കേരളീയർക്കുവേണ്ടി നമുക്ക് കൈകോർക്കാം.

ഡോ പി എസ് ശ്രീകല
ഡയറക്ടർ

# 1 പശ്ചാത്തലം

ഇന്ത്യയിൽ പട്ടികവർഗത്തിൽപെടുത്തിയിരിക്കുന്ന വിഭാഗമാണ് ആദിവാസികൾ. ആദിമനിവാസികൾ തന്നെയാണവർ. പലതരത്തിൽ ഒറ്റപ്പെടുത്തപ്പെട്ടും പാർശ്വവൽകൃതരായും കഴിഞ്ഞുകൂടുന്ന ഒരുകൂട്ടം മനുഷ്യരാണിവർ. വിദ്യാഭ്യാസത്തിനുള്ള അവസരവും സാമൂഹ്യപങ്കാളിത്തവും സ്വന്തം ഭൂമിയിലേക്കുള്ള പ്രവേശനവും നിഷേധിക്കപ്പെടുന്നതിലൂടെ ജീവിതമുന്നേറ്റം തടസ്സപ്പെട്ടുകഴിയുന്ന ഇക്കൂട്ടരുടെ അനുഭവം ലോകമെമ്പാടും ഒരുപോലെയാണ്. ഇന്ത്യയിൽ ജനസംഖ്യയിൽ 8.2 ശതമാനം ആദിവാസികളാണ്. കേരളത്തിലെ ജനങ്ങളിൽ 1.14 ശതമാനമാണ് (സെൻസസ് റിപ്പോർട്ട് 2011) ആദിവാസികൾ. 33 വ്യത്യസ്ത വിഭാഗങ്ങളിൽപെടുന്നവരാണിവർ. ഓരോ വിഭാഗത്തിനും തനതായ ജീവിതരീതിയും ആചാരങ്ങളും സംസ്കാരവുമുണ്ട്. സമ്പൂർണ്ണ സാക്ഷരത സംരക്ഷിച്ചുപോരുന്ന കേരളത്തിലെ ആദിവാസിസാക്ഷരത 72.77% മാത്രമാണ് എന്നത് ആദിവാസിവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥയുടെ ആഴം വ്യക്തമാക്കുന്നു (വിവരങ്ങൾക്ക് ആധാരം KILA സർവേ റിപ്പോർട്ട് 2011).

വിദ്യാഭ്യാസപരമായി മുന്നോട്ടുവരാനുള്ള സാഹചര്യം ഒരുക്കിക്കൊണ്ടുമാത്രമേ ആദിവാസികളുടെ സാമൂഹ്യപിന്നാക്കവസ്ഥയും ജീവിതസ്ഥിതിയും മെച്ചപ്പെടുത്താൻ കഴിയൂ. സമൂഹത്തിൽ ഒരു വിഭാഗം അവഗണിതരും ഒറ്റപ്പെട്ടവരുമായി കഴിയുമ്പോൾ സാമൂഹ്യമുന്നേറ്റം സാധ്യമല്ലെന്നത് പ്രധാനമാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ സാമൂഹ്യവികാസത്തിന് ആദിവാസികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കൽ അനിവാര്യമാണ്.

അതേസമയം, ഈ പരിഹാരശ്രമം എളുപ്പമല്ല. ആദിവാസികളോടുള്ള സമൂഹത്തിന്റെ സമീപനം ഒരു തടസ്സമാണ്. ഈ സമീപനമാണ് സ്കൂൾ വിദ്യാഭ്യാസത്തിൽനിന്ന് ആദിവാസികളെ അകറ്റിനിർത്തുന്നതും ആദിവാസിക്കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുന്നതും. അതേസമയം, സമൂഹത്തിന്റെ സമീപനം അനുകൂലമാക്കിയതിനുശേഷം ആദിവാസി ജീവിതാവസ്ഥ മെച്ചപ്പെടുത്താം എന്നു കരുതുന്നതും യുക്തിസഹമല്ല. രണ്ടും സമാന്തരമായി നടക്കേണ്ടതുണ്ട്. രണ്ടും പരസ്പരപൂരകവുമാണ്.

ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള പദ്ധതികളാണ് കേരള സർക്കാർ നടപ്പിലാക്കുന്നത്. വിദ്യാഭ്യാസത്തിനുള്ള പിന്തുണ ഉറപ്പാക്കിക്കൊണ്ട്, അതിനുള്ള അവസരം വിപുലീകരിച്ചുകൊണ്ട് ആദിവാസികളുടെ സാമൂഹ്യ പിന്നാക്കാവസ്ഥ പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായാണ് സാക്ഷരതാമിഷൻ, സംസ്ഥാന പട്ടികവർഗവികസന വകുപ്പിന്റെ സഹകരണത്തോടെ 'സമഗ്ര' എന്ന ആദിവാസി സാക്ഷരതാ-തുടർവിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്.

ഔപചാരികവിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവരും അതിൽനിന്ന് കൊഴിഞ്ഞുപോയവരും അടക്കമുള്ള മുഴുവൻ ആദിവാസികൾക്കും അനൗപചാരികമായി വിദ്യാഭ്യാസം തുടങ്ങാനും തുടരാനുമുള്ള അവസരമാണ് 'സമഗ്ര' പദ്ധതി.

# 2 ലക്ഷ്യങ്ങൾ

കേരളത്തിലെ ആദിവാസിവിഭാഗങ്ങളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും അവരെ തുടർവിദ്യാഭ്യാസത്തിലൂടെ പുരോഗതിയിൽ എത്തിക്കുന്നതിനുംവേണ്ടി നടപ്പാക്കുന്ന സാക്ഷരത-തുടർവിദ്യാഭ്യാസപദ്ധതിയാണ് 'സമഗ്ര'. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ആദിവാസിവിഭാഗങ്ങൾക്കിടയിൽ സർവേ നടത്തി നിരക്ഷരർ, സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയവർ എന്നിവരെ കണ്ടെത്തുക.
2. ആദിവാസിവിഭാഗങ്ങൾക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുക.
3. സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയ മുതിർന്നവർക്ക് നാലാംതരം, ഏഴാംതരം തുല്യതാകോഴ്സുകൾ നടത്തി തുടർപഠനത്തിന് അവസരം സൃഷ്ടിക്കുക.
4. ആദിവാസിവിഭാഗങ്ങൾക്കിടയിൽ വിവിധ ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിക്കുക.
5. ആദിവാസിവിഭാഗങ്ങൾക്ക് നിയമപരമായി ഉറപ്പാക്കിയിരിക്കുന്ന അവകാശങ്ങൾ, പരിരക്ഷകൾ എന്നിവയെക്കുറിച്ചും സർക്കാർ ലഭ്യമാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും അറിവ് നൽകുക.
6. ആദിവാസിമേഖലയിൽ പട്ടികവർഗ്ഗവികസനവകുപ്പ് ആരംഭിക്കുന്ന സാമൂഹ്യപഠനകേന്ദ്രത്തിന്റെ ഭാഗമായി തുടർവിദ്യാകേന്ദ്രങ്ങൾ ആരംഭിച്ച് സമഗ്രമായ തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തുക. ആദിവാസിസമൂഹത്തെ പഠനോന്മുഖസമൂഹമായി പരിവർത്തനപ്പെടുത്തുക.
7. ആദിവാസിമേഖലയിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ആവശ്യമായ സാമൂഹ്യബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
8. ആദിവാസിമേഖലകളുടെ വികസനപ്രക്രിയയിൽ സജീവമായി പങ്കെടുക്കുന്നതിന് ആവശ്യമായ സാമൂഹ്യസാക്ഷരതാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വികസനപ്രക്രിയയിൽ ഇടപെടുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
9. ആദിവാസിവിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നരെ 'സമഗ്ര'പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന തുടർവിദ്യാകേന്ദ്രങ്ങളിലെ പ്രേരക്, ഇൻസ്ട്രക്ടർ എന്നീ തസ്തികകളിലേക്ക് തെരഞ്ഞെടുത്തുകൊണ്ട് അവർക്ക് സാമൂഹ്യസേവനം നടത്തുന്നതിനും വരുമാനം ആർജ്ജിക്കുന്നതിനും അവസരം സൃഷ്ടിക്കുക.
10. ആദിവാസിവിഭാഗങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ, സർക്കാർ ഇതരസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണവും പങ്കാളിത്തവും പിൻതുണയും ഉറപ്പാക്കിയുള്ള സമഗ്രമായ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.
11. ആദിവാസിവിഭാഗങ്ങൾ നേരിടുന്ന ചൂഷണങ്ങളിൽനിന്ന് അവരെ മോചിതരാക്കുന്നതിന് ആവശ്യമായ സാമൂഹ്യസാക്ഷരതാപ്രവർത്തനം സംഘടിപ്പിക്കുക.
12. ആദിവാസിസമൂഹവും ആദിവാസിഇതരസമൂഹങ്ങളും തമ്മിൽ സാമൂഹ്യസാഹോദര്യം വളർത്തിയെടുക്കുക.

# 3 പ്രവർത്തനകാലയളവ് ഗുണഭോക്താക്കൾ പദ്ധതിപ്രദേശം

## പ്രവർത്തനകാലയളവ്

- 2018 ജനുവരി മുതൽ ആറ് മാസമാണ് ആദ്യഘട്ട പ്രവർത്തനം. ഈ ഘട്ടത്തിൽ സർവേയിലൂടെ കണ്ടെത്തിയ നിരക്ഷരർക്ക് സാക്ഷരതാക്ലാസുകൾ നടത്തും.

## ഗുണഭോക്താക്കൾ

- 'സമഗ്ര' പദ്ധതി നടപ്പാക്കുന്ന പട്ടികവർഗ ഊരുകളിലെ നിരക്ഷരർ, സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയ മുതിർന്നവർ, നാലാംതരം, ഏഴാംതരം, വിദ്യാഭ്യാസം നേടാൻ കഴിയാതെപോയ മുതിർന്നവർ എന്നിവരാണ് പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ. അതോടൊപ്പം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന സാമൂഹ്യസാക്ഷരതാപരിപാടിയിൽ പദ്ധതിപ്രദേശത്തെ മുഴുവൻ ആദിവാസി വിഭാഗങ്ങളും ഗുണഭോക്താക്കളാണ്.

## പദ്ധതി പ്രദേശം

- പട്ടികവർഗ്ഗവികസനവകുപ്പ് നടപ്പാക്കുന്ന സാമൂഹ്യപഠനകേന്ദ്രങ്ങൾക്കായി തെരഞ്ഞെടുത്ത നൂറ് പട്ടികവർഗ്ഗ ഊരുകളിലാണ് 'സമഗ്ര' ആദിവാസി സാക്ഷരതാപദ്ധതി നടപ്പാക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത ഊരുകൾ, അവ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

## ‘സമഗ്ര’ - ആദിവാസിസാക്ഷരത തുടർവിദ്യാഭ്യാസപദ്ധതി നടത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്ത 100 ഊരുകളുടെ വിശദാംശങ്ങൾ

| ക്രമ നം. | ജില്ല | പഞ്ചായത്ത് | ഊര് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പേര്, ഫോൺനമ്പർ | പ്രോജക്ട് ഓഫീസ്/ ഡവലപ്മെന്റ് ഓഫീസ് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | കുറ്റിച്ചൽ | വാലിപ്പാറ | സുധീർ 9496070344 | ഐറ്റിഡിപി, നെടുമങ്ങാട് 0472- 2812557 |
| 2 | " | പെരിങ്ങമ്മല | താന്നിമൂട് | ഹരികുമാർ 9496070345 | " |
| 3 | " | വിതുര | പൊടിയക്കാല | ബിനു 9496070346 | " |
| 4 | " | " | തലത്തുതക്കാവ് | ബിനു 9496070346 | " |
| 5 | " | അമ്പൂരി | പുരവിമല | സുധീർ 9496070344 | " |
| 1 | കൊല്ലം | ആര്യൻകാവ് | അച്ചൻകോവിൽ | സിനുബാബുക്കുട്ടി 9496070347 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, പുനലൂർ |
| 2 | " | കുളത്തുപ്പുഴ | കടമാൻകോട് | സിനുബാബുക്കുട്ടി 9496070347 | " |
| 1 | പത്തനംതിട്ട | നാറാണംമൂഴി | കരികുളം | അജി 9496070349 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, റാന്നി |
| 2 | " | നാറാണംമൂഴി | കുരുമ്പൻമൂഴി | അജി 9496070349 | " |
| 3 | " | റാന്നി- പെരിനാട് | അട്ടത്തോട് | അജി 9496070349 | " |
| 1 | ഇടുക്കി | വെള്ളിയാമറ്റം | മേത്തൊട്ടി | ആനിയമ്മ ഫ്രാൻസിസ് 9496070359 | ഐറ്റിഡിപി, ഇടുക്കി 04862- 222399 |
| 2 | " | " | കൂവക്കണ്ടം | ആനിയമ്മ ഫ്രാൻസിസ് 9496070359 | " |
| 3 | " | കാഞ്ചിയാർ | കോഴിമല | സുനീഷ് 9496070358 | " |
| 4 | " | കഞ്ഞിക്കുഴി | പഴയരിക്കണ്ടം | ലിജി 9496070404 | " |
| 5 | " | " | മഴുവടി ഉമ്മൻചാണ്ടി | ലിജി 9496070404 | " |
| 6 | " | വാഴത്തോപ്പ് | വട്ടമേട് കോളനി | ലിജി 9496070404 | " |
| 7 | " | കുമളി | മന്നാക്കുടി | അനൂപ് 9496070357 | " |

| ക്രമ നം. | ജില്ല | പഞ്ചായത്ത് | ഊര് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പേര്, ഫോൺനമ്പർ | പ്രോജക്ട് ഓഫീസ്/ ഡവലപ്മെന്റ് ഓഫീസ് |
|---|---|---|---|---|---|
| 8 | " | മറയൂർ | കുമ്മിട്ടാൻകുഴി | മഞ്ചു 9496070353 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, അടിമാലി |
| 9 | " | " | ചുരക്കുളം | മഞ്ചു 9496070353 | " |
| 10 | " | മൂന്നാർ | സിങ്കുകുടി | മഞ്ചു 9496070353 | " |
| 11 | " | " | താളുക്കണ്ടം | മഞ്ചു 9496070353 | " |
| 12 | " | " | വേലിയംപാറ | മഞ്ചു 9496070353 | " |
| 13 | " | അടിമാലി | ചൂരക്കുട്ടൻ | മഞ്ചു 9496070353 | " |
| 14 | " | " | തട്ടേക്കേകണ്ണൻ | മഞ്ചു 9496070353 | " |
| 14 | " | " | ചൊക്രാംകുടി | മഞ്ചു 9496070353 | " |
| 1 | എറണാകുളം | കുട്ടംപുഴ | ഇളമ്പ്ളാശേരി | ജോജോ 9496070361 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ, 0485 - 2814957 |
| 2 | " | " | വെള്ളാരംകുത്ത് | " | " |
| 3 | " | " | പിണവൂർക്കുടി | " | " |
| 1 | തൃശൂർ | കോടശ്ശേരി | രണ്ടുകൈ | കെ എൻ മൃദുല 9496070362 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, ചാലക്കുടി, 0480 - 2706100 |
| 2 | " | പാണഞ്ചേരി | പയ്യനം | " | " |
| 1 | കോഴിക്കോട് | മരുതോൻകര | കുടിൽപ്പാറ | മുഹമ്മദ് ഷൈജു 9747845652 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, കോഴിക്കോട് 0495 - 2376364 |
| 2 | " | ചക്കിട്ടപ്പാറ | കുളത്തൂർ നരേന്ദ്ര ദേവ് | " | " |
| 3 | " | കോടഞ്ചേരി | വട്ടച്ചിറ | ഷമീർ 9496070370 | " |
| 1 | മലപ്പുറം | കരളായി | നെടുങ്കയം | സി. ഷൈജു 9496070400 | ഐറ്റിഡിപി, നിലമ്പൂർ 04931 - 220315 |
| 2 | " | ചോക്കാട് | ചോക്കാട് | " | " |
| 3 | " | അമരമ്പലം | പാട്ടക്കരിമ്പ് | " | " |
| 4 | " | ചാലിയാർ | പെരുവമ്പാടം | അജീഷ് പ്രഭ 9496070368 | |

| ക്രമ നം. | ജില്ല | പഞ്ചായത്ത് | ഊര് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പേര്, ഫോൺനമ്പർ | പ്രോജക്ട് ഓഫീസ്/ ഡവലപ്മെന്റ് ഓഫീസ് |
|---|---|---|---|---|---|
| 5 | " | വഴിക്കടവ് | കാരക്കോട് മുക്കം | " | " |
| 6 | " | എടക്കര | മലച്ചി | " | " |
| 7 | " | ചുങ്കത്തറ | പള്ളിക്കുത്ത് | " | " |
| 1 | പാലക്കാട് | പുതുശ്ശേരി | നടുപ്പതി | സി രാജലക്ഷ്മി 9496070366 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, പാലക്കാട് 0491 - 2505383 |
| 2 | " | മലമ്പുഴ | ആനക്കൽ | " | " |
| 3 | " | കോട്ടോപ്പാടം | അമ്പലപ്പാറ | " | " |
| 4 | " | പെരുമാട്ടി | സർക്കാർപതി | " | " |
| 5 | " | കൊഴിഞ്ഞാംപാറ | സ്രാമ്പി - നെടുമ്പാറ | ഷമീന 9496070367 | " |
| 6 | " | പട്ടൻചേരി | കൊച്ചിത്തോട് | " | " |
| 7 | " | മുതലമട | അംബേദ്കർ | രാജീവ് 9496070399 | " |
| 8 | " | " | ചപ്പക്കാട് - ലക്ഷം വീട് | " | " |
| 9 | " | " | പറമ്പിക്കുളം | " | " |
| 10 | " | തെങ്കര | ആനമൂളി | സി രാജലക്ഷ്മി 9496070366 | ഐറ്റിഡിപി, അട്ടപ്പാടി 04924 - 254382 |
| 11 | " | ഷോളയാർ | കള്ളത്തര | സുരേഷ്കുമാർ 9496070364 | " |
| 12 | " | " | ഷോളയൂർ | " | " |
| 13 | " | " | വരഗംപാടി | " | " |
| 14 | " | " | നല്ലശിങ്ക | " | " |
| 15 | " | അഗളി | ഭൂതിവഴി | നിസാറുദീൻ 9496070363 | " |
| 16 | " | " | കാരറ | " | " |
| 17 | " | " | നടുപ്പതി ഊര് | " | " |

| ക്രമ നം. | ജില്ല | പഞ്ചായത്ത് | ഊര് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പേര്, ഫോൺനമ്പർ | പ്രോജക്ട് ഓഫീസ്/ ഡവലപ്മെന്റ് ഓഫീസ് |
|---|---|---|---|---|---|
| 18 | " | " | അടിയക്കണ്ടിയൂർ | " | " |
| 19 | " | " | കഃിരംപതി | " | " |
| 20 | " | " | മാമണ | " | " |
| 21 | " | പുതൂർ | ഇലച്ചിവഴി | ജയൻ 9496070365 | " |
| 22 | " | " | കാരത്തൂർ | " | " |
| 23 | " | " | ഉമ്മത്താംപടി | " | " |
| 24 | " | " | മേലെമുള്ളി | " | " |
| 25 | " | " | പാലൂർ | " | " |
| 1 | വയനാട് | മീനങ്ങാടി | ചന്തൻചിറ | രജീഷ് 9496070384 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, സുൽത്താൻബത്തേരി |
| 2 | " | പൂതാടി | മണൽവയൽ | ഷൈനി 9496070383 | " |
| 3 | " | " | താന്നിക്കുന്ന് | " | " |
| 4 | " | മുള്ളംകൊല്ലി | കൊളവള്ളി | ഉണ്ണികൃഷ്ണൻ 9496070381 | " |
| 5 | " | പുൽപ്പള്ളി | മേലേകാപ്പ് | " | " |
| 6 | " | " | ഫോറസ്റ്റ്വയൽ | " | " |
| 7 | " | " | പാളകൊല്ലി | " | " |
| 8 | " | നെന്മേനി | അമ്പലക്കുന്ന് പണിയ | ഗിരിജ 9496070380 | " |
| 9 | " | ബത്തേരി മുൻസിപ്പാലിറ്റി | പൂവഞ്ചി - പൂമല | " | " |
| 10 | " | തിരുനെല്ലി | വരിനിലം | സില്ലി ജോർജ് 9496070378 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മാനന്തവാടി 04935 - 240210 |
| 11 | " | വെള്ളമുണ്ടം | മെച്ചേരി | എം ജി അനിൽകുമാർ 9496070379 | " |
| 12 | " | തൊണ്ടറനാട് | എട്ടിലാറ്റിൽ | " | " |

| ക്രമ നം. | ജില്ല | പഞ്ചായത്ത് | ഊര് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പേര്, ഫോൺനമ്പർ | പ്രോജക്ട് ഓഫീസ്/ ഡവലപ്മെന്റ് ഓഫീസ് |
|---|---|---|---|---|---|
| 13 | " | പനമരം | മേലെകപ്പുംകുന്ന് | കെ എൻ ബിജു 9496070375 | " |
| 14 | " | കവിഞ്ഞാൽ | ഇരുമനത്തൂർ പെരിയ | ഗണേഷ്കുമാർ പി കെ 9496070377 | " |
| 15 | " | മാനന്തവാടി മുനിസിപ്പാലിറ്റി | അഗ്രഹാരം പണിയ | കെ ദിലീപ്കുമാർ 9496070376 | " |
| 16 | " | എടവക | പോളക്കൽ | " | " |
| 17 | " | " | ഏറണക്കൽ | " | " |
| 18 | " | കണിയാമ്പറ്റ | പടിഞ്ഞാറേവീട് | റെജി 9496070385 | ഐറ്റിഡിപി, കൽപ്പറ്റ 04936 - 202232 |
| 19 | " | മുട്ടിൽ | അമ്പുകുത്തി ലക്ഷംവീട് | " | " |
| 20 | " | പടിഞ്ഞാറേത്തറ | കബനിക്കുന്ന് | ശ്രീകല 9496070374 | " |
| 21 | " | " | അരിക്കളം | " | " |
| 22 | " | വൈത്തിരി | പുത്തൻപുര | ശ്രീനാഥ് 9496070373 | " |
| 23 | " | മൂപ്പൈനാട് | ജയ്ഹിന്ദ് | ബാബു എം പ്രസാദ് 9496070371 | " |
| 24 | " | കൽപ്പറ്റ മുനി. | ഓടമ്പൻകുന്ന് | " | " |
| 25 | " | കോട്ടത്തറ | രാജീവൻ നഗർ | ഉമാദേവി 9496070372 | " |
| 1 | കണ്ണൂർ | കോളയാട് | മണ്ഡപം | സജിത പി കെ 9496070387 | ഐറ്റിഡിപി, കണ്ണൂർ 0497 - 2700357 |
| 2 | " | നടുവിൽ | ഉത്തൂർ | ഗോപാലകൃഷ്ണൻ 9495127148 | " |
| 3 | " | പടിയൂർ | ചടച്ചിക്കുണ്ടം | മുഹമ്മദ് 9496070388 | " |
| 4 | " | ആറളം | ചങ്കായത്തോട് | " | " |
| 5 | " | പേരാവൂർ | എടപ്പാറ | അനൂപ് 9496070386 | " |
| 1 | കാസർഗോഡ് | ഈസ്റ്റ് എളേരി | കടുമേനി | മധുസൂദനൻ 9496070398 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, കാസർഗോഡ് 04994 - 255466 |
| 2 | " | പനത്തടി | ചെറുപനത്തടി | ബാബു 9496070390 | " |
| 3 | " | കിനാനൂർ-കരിന്തളം | കുണ്ടേന കുണ്ടേൻവയൽ | മധുസൂദനൻ 9496070398 | " |
| 4 | " | കുമ്പള | മാവിനക്കട്ടെ | ധനലക്ഷ്മി 9496070391 | " |
| 5 | " | കുറ്റിക്കോൽ | കളക്കര | പ്രസന്ന 9496070389 | " |

# 4 ആരംഭം
# പ്രേരക്മാരെ തെരഞ്ഞെടുക്കൽ

'സമഗ്ര'പദ്ധതിയുടെ ആരംഭപ്രവർത്തനം എന്ന നിലയിൽ, പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത ഓരോ കോളനിക്കും ഓരോ പ്രേരകിനെ തെരഞ്ഞെടുക്കേണ്ടതാണ്. 'സമഗ്ര'പദ്ധതി ക്കായി തെരഞ്ഞെടുത്ത കോളനികൾ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ആണ് പ്രേരക്മാരെ തെരഞ്ഞെടുക്കേണ്ടത്. പദ്ധതിപ്രദേശത്ത് ആരംഭിക്കുന്ന വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം സാക്ഷരത-തുല്യതാക്ലാസ്, സാമൂഹ്യസാക്ഷരതാപരിപാടിയുടെ സംഘാടനം, ക്ലാസ് നയിക്കൽ എന്നിവയാണ് പ്രേരക്മാരുടെ ചുമതല. പ്രേരക്മാരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രേരക്മാർക്കുള്ള അടിസ്ഥാന യോഗ്യത: 10-ാം ക്ലാസ് വിജയിച്ചിരിക്കണം.
2. പ്രായപരിധി : 18 - 45 നും ഇടയിൽ
3. ആദിവാസിവിഭാഗത്തിൽപ്പെട്ടവരെ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്. ആദിവാസിവിഭാഗത്തിൽപ്പെട്ടവർ ഇല്ലെങ്കിൽ മാത്രം മറ്റുള്ള വിഭാഗങ്ങളെ പ്രേരക്മാരായി പരിഗണിച്ചാൽ മതിയാകും.
4. അതത് കോളനികളിൽപ്പെട്ടവരെ വേണം പ്രേരക്മാരായി നിയോഗിക്കാൻ. ആ കോളനിയിൽ അർഹമായ വിദ്യാഭ്യാസയോഗ്യത ഉള്ളവർ ഇല്ലെങ്കിൽ തൊട്ടടുത്ത കോളനിയിൽ നിന്നുള്ളവരെ പരിഗണിക്കേണ്ടതാണ്.
5. പ്രേരക്മാരെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കേണ്ടതാണ്. എല്ലാ ആദിവാസികോളനികളിലും ഇത് സംബന്ധിച്ച് അറിയിപ്പുകൾ ലഭ്യമാക്കണം. ഇതിനായി എസ് ടി പ്രൊമോട്ടർമാരുടെയും സാക്ഷരതാമിഷന്റെ പ്രേരക്മാരുടെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
6. പദ്ധതികാലയളവിലേക്ക് മാത്രമാണ് പ്രേരക്മാരെ നിയോഗിക്കേണ്ടത്.
7. പ്രതിമാസം 12,000 രൂപയാണ് പ്രേരകിന് അനുവദിച്ചിരിക്കുന്നത്.
8. അപേക്ഷകരെ ഇന്റർവ്യൂ ചെയ്യുന്നതിന് ഒരു ഇന്റർവ്യൂബോർഡിനെ അതത് ഗ്രാമപഞ്ചായത്ത് നിയോഗിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/ട്രൈബൽ ഡിപ്പാർട്ട്മെന്റ് പ്രതിനിധി, സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ/അസി. കോ-ഓർഡിനേറ്റർ, ഊര് മൂപ്പൻ എന്നിവർ അടങ്ങുന്നതായിരിക്കും ഇന്റർവ്യൂബോർഡ്.
9. തെരഞ്ഞെടുത്ത പ്രേരക്മാരുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെ ജില്ലാ സാക്ഷരതാമിഷൻ ലഭ്യമാക്കേണ്ടതാണ്.
10. ഇന്റർവ്യൂവിന്റെ മാർക്ക് രേഖപ്പെടുത്തുന്ന ഷീറ്റിൽ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്. ഇന്റർവ്യൂ മാർക്ക് രേഖപ്പെടുത്തുന്നതിനുള്ള ഷീറ്റ്, ടാബുലേഷൻ ഷീറ്റ് എന്നിവ ചുവടെ ചേർക്കുന്നു.

# ‘സമഗ്ര’

## ആദിവാസി സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതി

## പ്രേരക്മാരുടെ അസെസ്സ്മെന്റ് ഷീറ്റ്

ഗ്രാമപഞ്ചായത്ത് ........................................ ഊര് ............................................ തീയതി : ..........................

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത | പ്രവർത്തന പരിചയം | | മറ്റു വിദ്യാഭ്യാസ യോഗ്യതകൾ | ആശയവിനിമയത്തിനുള്ള കഴിവ് | കേന്ദ്രം സ്ഥിതി ചെയ്യുന്ന ഊരിൽ താമസിക്കുന്നതിന് | ആകെ മാർക്ക് |
|---|---|---|---|---|---|---|---|---|
| | | ബിരുദം | അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം | സാമൂഹ്യ പ്രവർത്തനം | | | | |
| | | 10 മാർക്ക് | 20 മാർക്ക് | 30 മാർക്ക് | 10 മാർക്ക് | 20 മാർക്ക് | 10 മാർക്ക് | 100 മാർക്ക് |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |

### ഇന്റർവ്യൂ ബോർഡ് അംഗങ്ങൾ

1. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
2. ഗ്രാമപഞ്ചായത്ത് സെക്രട്ടറി
3. ജില്ലാ സാക്ഷരതാമിഷൻ പ്രതിനിധി
4. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/ ട്രൈബൽ ഡിപ്പാർട്ട്മെന്റ് പ്രതിനിധി
5. ഊര് മൂപ്പൻ

# ‘സമഗ്ര’

## ആദിവാസി സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതി

## പ്രേരക്മാരുടെ തെരഞ്ഞെടുപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനം ........................................................................ ഇന്റർവ്യൂ നടത്തിയ തീയതി ...................................

| ക്രമ നമ്പർ | ഇന്റർവ്യൂവിൽ പങ്കെടുത്ത അപേക്ഷകന്റെ/ അപേക്ഷകയുടെ പേരും വിലാസവും | ഇന്റർവ്യൂ കമ്മിറ്റി നൽകിയ മാർക്ക് | | | | | ആകെ മാർക്ക് | റാങ്ക് |
|---|---|---|---|---|---|---|---|---|
| | | പ്രസിഡണ്ട് | സെക്രട്ടറി | ഊര് മൂപ്പൻ | ജില്ലാകോ-ഓർഡിനേറ്റർ/ അസി. കോ-ഓർഡിനേറ്റർ | ട്രൈബൽ എക്സറ്റൻഷൻ ഓഫീസർ | | |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |

# ‘സമഗ്ര’

## ആദിവാസി സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതി (2017-18)

## തെരഞ്ഞെടുത്ത പ്രേരക്മാരുടെ വിശദാംശങ്ങൾ

ജില്ല ......................................................................... തീയതി ..................

ഗ്രാമപഞ്ചായത്ത് ............................................

| പേര്, വിലാസം ഫോൺ, ഇ-മെയിൽ | സ്ത്രീ/പുരുഷൻ/ ട്രാൻസ്. | എസ്.റ്റി. വിഭാഗം ആണോ | വിദ്യാഭ്യാസ യോഗ്യത | വയസ്, ജനന തീയതി | ചുമതല നൽകിയിരിക്കുന്ന ഊര് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

കേരള സംസ്ഥാനസാക്ഷരതാമിഷന്റെ മാനദണ്ഡങ്ങൾ വിധേയമായി മേൽ പരാമർശിച്ചിരിക്കുന്നവരെ സമഗ്ര പദ്ധതിയുടെ പ്രേരക്മാരായി തെരഞ്ഞെടുത്തിരിക്കുന്നു.

ഒപ്പ്

സെക്രട്ടറി

........................................ ഗ്രാമപഞ്ചായത്ത്

# 5

# ആദിവാസി സാക്ഷരതാസമിതി

'സമഗ്ര'പദ്ധതിയുടെ നിർവഹണത്തിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയസ്വഭാവമുള്ള സംഘാടനരീതിയാണ് സാക്ഷരതാമിഷൻ വിഭാവനം ചെയ്തിരിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനം, സർക്കാർ ഏജൻസികൾ, ആദിവാസി ജനവിഭാഗങ്ങൾ എന്നിവർ കൈകോർത്തുകൊണ്ടുള്ള ജനകീയ സംരംഭം എന്ന നിലയിൽ ഈ പദ്ധതിയുടെ സംഘാടനം നിർവ്വഹിക്കും. സർക്കാരിതര ഏജൻസികളുടെയും സാമൂഹ്യസന്നദ്ധപ്രവർത്തകരുടെയും സേവനവും സംഘാടനപ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്. ചുവടെ ചേർക്കുംവിധമുള്ള സാക്ഷരതാസമിതികൾ രൂപീകരിച്ചാണ് സംഘാടനപ്രവർത്തനങ്ങൾ നടത്തുന്നത്.

### A പഞ്ചായത്ത്തല ആദിവാസി സാക്ഷരതാസമിതി

പദ്ധതിപ്രദേശങ്ങൾ (തെരഞ്ഞെടുത്ത കോളനികൾ) ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത്തല ആദിവാസി സാക്ഷരതാസമിതികൾ രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത്തലത്തിൽ 'സമഗ്ര'പദ്ധതി വിജയകരമായി നടപ്പാക്കുക എന്നതാണ് ഈ സമിതിയുടെ പ്രാഥമിക ചുമതല. രണ്ട് മാസത്തിൽ ഒരിക്കൽ പഞ്ചായത്ത്തല ആദിവാസി സാക്ഷരതാസമിതി ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും 'സമഗ്ര'പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും വേണം.

**പഞ്ചായത്ത്തല ആദിവാസി സാക്ഷരതാസമിതിയുടെ ഘടന**

| | | |
|---|---|---|
| ചെയർമാൻ | : | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| വൈസ് ചെയർമാൻ | : | വൈസ് പ്രസിഡന്റ് |
| കോ-ഓർഡിനേറ്റർ (എഫ് & എ) | : | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| കൺവീനർ | : | പഞ്ചായത്തിലെ ഒരു പ്രേരക് |

അംഗങ്ങൾ:

1. വിദ്യാഭ്യാസ-ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
2. പദ്ധതിപ്രദേശം ഉൾപ്പെട്ട വാർഡ് മെമ്പർ
3. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
4. സമഗ്ര പ്രോജക്ടിലെ പ്രേരക്മാർ
5. ആദിവാസി മൂപ്പൻ
6. ആദിവാസിവിഭാഗത്തിൽപ്പെട്ട സാമൂഹ്യപ്രവർത്തകർ (2)
7. എസ് ടി പ്രമോട്ടർ

ജില്ലാ സാക്ഷരതാമിഷൻ പ്രതിനിധി ആദിവാസി സാക്ഷരതാസമിതിയിൽ പ്രത്യേക ക്ഷണിതാവായിരിക്കും.

**B പ്രാദേശിക ആദിവാസിസാക്ഷരതാസമിതി**

പദ്ധതി നടപ്പാക്കുന്ന കോളനികളിൽ പ്രാദേശിക ആദിവാസി സാക്ഷരതാസമിതികൾ രൂപീകരിക്കേണ്ടതാണ്. പദ്ധതി പ്രദേശത്തെ സാക്ഷരതാതുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് പ്രാദേശിക ആദിവാസി സാക്ഷരതാസമിതികളാണ്. എല്ലാ മാസവും പ്രാദേശിക ആദിവാസി സാക്ഷരതാസമിതികൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും 'സമഗ്ര' പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടതാണ്.

**പ്രാദേശിക ആദിവാസി സാക്ഷരതാസമിതികളുടെ ഘടന**

| | | |
|---|---|---|
| ചെയർമാൻ | : | വാർഡ് മെമ്പർ |
| വൈസ് ചെയർമാൻ | : | പദ്ധതിപ്രദേശത്തെ പ്രതിനിധീകരിക്കുന്ന ഊര്മൂപ്പൻ |
| കൺവീനർ | : | പദ്ധതിപ്രദേശത്ത് 'സമഗ്ര' പ്രോജക്ട് പ്രകാരം തെരഞ്ഞെടുത്ത പ്രേരക് |

അംഗങ്ങൾ:

1. എസ് ടി പ്രമോട്ടർ
2. അംഗൻവാടി ടീച്ചർ
3. ആശാവർക്കർ
4. പദ്ധതിപ്രദേശത്തെ വിദ്യാർത്ഥിപ്രതിനിധികൾ (2)
5. പഠിതാക്കളുടെ പ്രതിനിധി (1)
6. നാലാംതരം, ഏഴാംതരം ഇൻസ്ട്രക്ടർമാർ
7. പദ്ധതിപ്രദേശത്തെ ആദിവാസിവിഭാഗത്തിൽപ്പെട്ട സാമൂഹ്യപ്രവർത്തകർ (2)

പദ്ധതിപ്രദേശം ഉൾപ്പെടുന്ന പഞ്ചായത്തിലെ സാക്ഷരതാമിഷൻ പ്രേരക് പ്രാദേശികആദിവാസി സാക്ഷരതാസമിതിയിലെ സ്ഥിരം ക്ഷണിതാവായിരിക്കും.

# 6

# സർവേ

'സമഗ്ര' പദ്ധതിക്ക് വേണ്ടിയുള്ള പ്രേരക്മാരുടെ തെരഞ്ഞെടുപ്പ്, ആദിവാസി സാക്ഷരതാ സമിതിയുടെ രൂപീകരണം എന്നിവയ്ക്ക് ശേഷം പദ്ധതിക്കായി തെരഞ്ഞെടുത്ത കോളനികളിൽ സാക്ഷരതാ സർവേ നടത്തേണ്ടതുണ്ട്. സർവേക്ക് മുന്നോടിയായി പ്രേരക്മാർക്ക് സാക്ഷരതാമിഷൻ പരിശീലനം നൽകുന്നതാണ്.

**1. സർവേ**

'സമഗ്ര' പദ്ധതിക്കായി തെരഞ്ഞെടുത്ത ആദിവാസി ഊരുകളിലെ മുഴുവൻ വീടുകളിലും ഒരു ദിവസം കൊണ്ട് സർവെ നടത്തുന്നതിനാണ് സാക്ഷരതാമിഷൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് 'സമഗ്ര' പദ്ധതിക്കായി തെരഞ്ഞെടുത്ത 100 ഊരുകളിലും ഒരേ ദിവസം സാക്ഷരതാ സർവേ നടത്തുന്നതിനാണ് സാക്ഷരതാമിഷൻ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ സംരംഭമായി സാക്ഷരതാ സർവേ നടത്തേണ്ടതുണ്ട്.

**2. സർവേ സംഘാടനം**

സർവേ നടത്തിപ്പിന് മുന്നോടിയായി പഞ്ചായത്ത് തലത്തിലും ഊരുകളിലും ആദിവാസി സാക്ഷരതാ സമിതികൾ ചേരേണ്ടതുണ്ട്. ജനകീയ പങ്കാളിത്തത്തോടെ സർവേ വിജയകരമായി സംഘടിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആദിവാസി സാക്ഷരതാസമിതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

ഓരോ ഊരുകളിലുമുള്ള ആകെ വീടുകളെ 30 വീടുകൾ വീതമുള്ള ഗ്രൂപ്പുകളായി തിരിക്കുകയും അവിടെ ഏറ്റവും കുറഞ്ഞത് 5 അംഗങ്ങൾ വീതമുള്ള സർവെ ടീം സന്ദർശിച്ച് സർവെ നടത്തുകയും ചെയ്യുന്ന രീതിയാണ് അവലംബിക്കേണ്ടത്. കേവലം വിവരശേഖരണത്തിനപ്പുറം ആദിവാസി വിഭാഗങ്ങളെ ഈ പദ്ധതിയിൽ പങ്കാളികളാക്കുന്നതിനും പഠനക്ലാസ്സുകളിൽ എത്തുന്നതിന് പ്രചോദിപ്പിക്കുന്നതിനും സഹായകമായ സൗഹൃദ സന്ദർശനം കൂടിയായിരിക്കണം സർവേ.

പ്രാദേശിക തലത്തിലുള്ള ആദിവാസി സാക്ഷരതാസമിതിയുടെ നേതൃത്വത്തിൽ വേണം സർവേ സംഘടിപ്പിക്കാൻ. സർവെ വിജയകരമായി നടപ്പാക്കുന്നതിന് ആവശ്യമായ സഹായ സഹകരണവും പിന്തുണയും മേൽനോട്ടവും പഞ്ചായത്തുതല ആദിവാസി സാക്ഷരതാ സമിതി ലഭ്യമാക്കേണ്ടതാണ്.

**3. സർവേ ടീം അംഗങ്ങൾ**

സർവെ നടത്തിപ്പിനായി പ്രാദേശിക ആദിവാസി സാക്ഷരതാസമിതിയുടെ നേതൃത്വത്തിൽ സർവെ ടീം രൂപീകരിക്കേണ്ടതാണ്. പ്രാദേശിക ആദിവാസി സാക്ഷരതാസമിതി അംഗങ്ങൾ സാമൂഹ്യ സന്നദ്ധ പ്രവർത്തകർ, വിദ്യാർത്ഥികൾ (അതത് കോളനികളിലെ വിദ്യാർത്ഥികളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം) സമീപത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. യൂണിറ്റ് തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ടുവേണം സർവെ ടീം രൂപീകരിക്കേണ്ടത്. സർവേയ്ക്ക് മുമ്പ് സർവെ ടീം അംഗങ്ങളുടെ യോഗം ചേരുകയും അവരെ ഗ്രൂപ്പുകളായി തിരിക്കുകയും അവർക്ക് സർവെ ചെയ്യേണ്ട വീടുകൾ കൃത്യപ്പെടുത്തി നൽകുകയും വേണം. അതോടൊപ്പം സാക്ഷരതാ സർവെ ഫോറം പരിചയപ്പെടുത്തുകയും ചെയ്യണം. സർവെ ചെയ്യുന്നതിനുള്ള ഫോറങ്ങൾ അതത് ജില്ലാ സാക്ഷരതാമിഷനുകൾ അച്ചടിച്ച് നൽകുന്നതാണ്. സർവെ ഫോറത്തിന്റെ മാതൃക, സർവേ ഫോറം പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

**4. സർവെ ക്രോഡീകരണം**

സർവെ വിവരങ്ങൾ ക്രോഡീകരിക്കുന്നതിന് സാക്ഷരതാമിഷൻ പ്രത്യേകം സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഓരോ ഊരുകളിലെയും ഓരോ വ്യക്തികളുടെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി നടത്തിയാണ് സർവേ ക്രോഡീകരണം നടത്തുന്നത്. അതുകൊണ്ട് സർവേ വിവരങ്ങൾ വ്യക്തമായി പൂരിപ്പിച്ച് അതത് പ്രേരക്മാർ സൂക്ഷിക്കുകയും ജില്ലാ സാക്ഷരതാമിഷനിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റ എൻട്രി നടത്തുകയും ചെയ്യേണ്ടതാണ്. ഇതിന് കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരുടെ സേവനം പ്രേരകിന് പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരം കാര്യങ്ങൾക്ക് സാക്ഷരതാമിഷന്റെ സേവനം പ്രേരക്മാർക്ക് ലഭ്യമാക്കുന്നതാണ്.

സർവെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ എൻട്രി ചെയ്യുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സാക്ഷരതാമിഷൻ നൽകുന്നതാണ്.

# സർവേ വളന്റിയർമാർക്കുള്ള നിർദ്ദേശങ്ങൾ

1. സർവേയുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ പലതലങ്ങളിലും പരിശോധിക്കപ്പെടുന്ന തിനാൽ കൃത്യമായ വിവരങ്ങൾ ഓരോ വീടുകളിൽനിന്നും ശേഖരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു വീടിന് ഒരു ഫോറം ഉപയോഗിക്കുക. വിദ്യാകേന്ദ്രം സ്ഥിതിചെയ്യുന്ന എല്ലാ വീടുകളിലും സർവേ നടത്തേണ്ട താണ്.
2. പേജ് ഒന്നിൽ 15 വയസ് മുതൽ പ്രായമുള്ളവരുടെ വിവരങ്ങൾ രേഖപ്പെടുത്തുക. പേജ് രണ്ടിൽ സ്കൂളിൽനിന്നു കൊഴിഞ്ഞുപോയവരുടെ വിവരങ്ങൾ ചേർക്കുക.
3. ഒന്നുമുതൽ പതിനഞ്ച് വരെയുള്ള വിവരങ്ങൾ പൂർണതയോടുകൂടിയും വ്യക്തതയോടുകൂടിയും രേഖ പ്പെടുത്തേണ്ടതാണ്.
4. പന്ത്രണ്ടാമത്തെ ചോദ്യത്തിന്റെ മൂന്നാമത്തെ കോളം താഴെപ്പറയുന്ന വിഭാഗങ്ങൾ മനസ്സിലാക്കി പൂരി പ്പിക്കാൻ ശ്രദ്ധിക്കണം. പ്രത്യേകമായി സൂചിപ്പിക്കേണ്ട വിഭാഗം ഉണ്ടെങ്കിൽ ഫോറത്തിന്റെ മറുവ ശത്ത് രേഖപ്പെടുത്താവുന്നതാണ്.

| | |
|---|---|
| A | അംഗപരിമിതർ |
| B | മാനസികവെല്ലുവിളികൾ നേരിടുന്നവർ |
| C | അന്ധർ/മൂകർ/ബധിരർ |
| D | എൻഡോസൾഫാൻ ബാധിതർ/മറ്റുള്ളവർ |

5. പതിമൂന്നാമത്തെ കോളത്തിൽ കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസനിലവാരം താഴെപറയുന്ന വിഭാഗ ങ്ങൾ പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| E | നിരക്ഷരർ |
| F | നവസാക്ഷരർ മുതൽ നാലാംതരം പൂർത്തിയാക്കാത്തവർ വരെ |
| G | 4-ാംതരം ജയിച്ചവർ മുതൽ 7-ാംതരം പൂർത്തിയാക്കാത്തവർ വരെ |
| H | 7-ാംതരം ജയിച്ചവർ മുതൽ 10-ാംതരം പൂർത്തിയാക്കാത്തവർ വരെ |
| I | 10-ാംതരം ജയിച്ചവർ മുതൽ പ്രീഡിഗ്രി/പ്ലസ്ടു പൂർത്തിയാക്കാത്തവർ വരെ |
| J | പ്രീഡിഗ്രി/പ്ലസ്ടു ജയിച്ചവർ മുതൽ ഉന്നതവിദ്യാഭ്യാസം നേടിയവർ |
| K | തൊഴിൽപരമായ വിദ്യാഭ്യാസത്തിൽ താൽപര്യമുള്ളവർ |

6. പതിനഞ്ച് വയസിൽതാഴെ പ്രായമുള്ള കുട്ടികൾ സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ചോദ്യം 14ൽ ചേർക്കണം.
7. ചോദ്യം 15ൽ രേഖപ്പെടുത്തേണ്ട വിശദാംശങ്ങൾ :

a അടുത്ത് സ്കൂൾ ഇല്ല (1 കി. മീ. ന് ഉള്ളിൽ)

| | | | |
|---|---|---|---|
| b | സാമ്പത്തികപ്രയാസം | c | ആരോഗ്യപ്രശ്നങ്ങൾ |
| d | സ്കൂളിൽനിന്നുള്ള തിക്താനുഭവങ്ങൾ | | |
| e | രക്ഷിതാക്കൾ സ്കൂളിൽ വിടുന്നില്ല | f | മറ്റു കാരണങ്ങൾ |
| | | | |

# കേരള സർക്കാർ – പൊതുവിദ്യാഭ്യാസവകുപ്പ്
# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
**തിരുവനന്തപുരം**

## സമഗ്ര – ആദിവാസിസാക്ഷരതാ-തുടർവിദ്യാഭ്യാസപദ്ധതി
## സർവേ ഫോറം

1. ജില്ല :

2. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ :

| 3. മേൽവിലാസം : | 4. തദ്ദേശസ്വയംഭരണസ്ഥാപനം : |
|---|---|
| | 5. വാർഡിന്റെ പേരും നമ്പരും : |
| | 6. വീട്ടുനമ്പർ : |
| | 7. ഫോൺ നമ്പർ : |

| ക്രമ നം. | 8. പൂർണ്ണമായ പേര് | 9. സ്ത്രീ/ പുരുഷൻ/ ട്രാൻസ്ജൻഡർ | 10. വയസ്സ്, ജനനതീയതി | 11. ജാതി, മതം | 12. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ആളാണോ? | | | | | | 13. വിദ്യാഭ്യാസനിലവാരം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ആണ് | അല്ല | ഇനം | | | | | | | | | | |
| | | | | | | | A | B | C | D | E | F | G | H | I | J | K |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |

| 14. സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയവരുടെ വിവരങ്ങൾ : ('✓' രേഖപ്പെടുത്തുക) | | | | | | | | | | | | | | 15. സ്കൂളിൽനിന്ന് കൊഴിഞ്ഞു പോകാനുള്ള കാരണം : | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | പേര് | ക്ലാസുകൾ | | | | | | | | | | | | | | | | | |
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | a | b | c | d | e | f |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | |

*കുറിപ്പ് : ചോദ്യം 12, 13, 14, 15 എന്നിവ പൂരിപ്പിക്കേണ്ടവിധം സാക്ഷരതാസർവേ വോളണ്ടിയർമാർക്കുള്ള നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

**മറ്റുവിവരങ്ങൾ :**

**ഒപ്പ് :**
**പേര് :**
**സർവേ ടീം അംഗം**

**ഒപ്പ് :**
**പേര് :**
**പ്രേരക്**
**വിദ്യാകേന്ദ്രം:**

# 7

# പ്രവർത്തനങ്ങൾ

### A. സാക്ഷരതാ ക്ലാസ്സുകൾ

ഓരോ ഊരിലും കണ്ടെത്തിയ നിരക്ഷരർക്ക് സാക്ഷരതാക്ലാസ്സുകൾ നടത്തേണ്ടതാണ്. നാല് മാസമാണ് സാക്ഷരതാപഠനത്തിന്റെ ദൈർഘ്യം. ആഴ്ചയിൽ കുറഞ്ഞത് 5 മണിക്കൂർ എങ്കിലും ക്ലാസ്സുകൾ നടത്തണം. 20 പഠിതാക്കൾക്ക് ഒരു ക്ലാസ്സ് എന്ന രീതിയിൽ ക്ലാസ്സുകളുടെ എണ്ണം നിശ്ചയിക്കണം. ഇപ്രകാരം ഒരു ഊരിലെ നിരക്ഷരരുടെ എണ്ണത്തിന് അനുസരിച്ച് ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതാണ്. പ്രേരക് ആണ് സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ക്ലാസ്സുകൾ എടുക്കുകയും ചെയ്യേണ്ടത്. സാക്ഷരതാ ക്ലാസ്സുകൾ എടുക്കുന്നതിന് വിദ്യാർത്ഥികളുടെയും സന്നദ്ധപ്രവർത്തകരുടെയും സൗജന്യമായ സേവനവും പ്രേരകിന് പ്രയോജനപ്പെടുത്താവുന്നതാണ്. സാക്ഷരതാമിഷൻ നൽകുന്ന പാഠപുസ്തകത്തെ ആസ്പദമാക്കി ക്ലാസ്സുകൾ എടുക്കേണ്ടത്. നാല് മാസത്തെ സാക്ഷരതാ ക്ലാസ്സുകൾക്കുശേഷം സാക്ഷരതാപരീക്ഷ നടത്തും. വിജയികൾക്ക് സാക്ഷരതാമിഷൻ സർട്ടിഫിക്കറ്റ് നൽകും.

2. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമൂഹ്യ പഠനകേന്ദ്രങ്ങളിൽ ആരംഭിക്കുന്ന തുടർവിദ്യാകേന്ദ്രങ്ങളിലാണ് പ്രധാനമായും സാക്ഷരതാക്ലാസ്സുകൾ നടത്തേണ്ടത്. പഠിതാക്കളുടെ സൗകര്യാർത്ഥം ഊരിലെ സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിച്ച് ക്ലാസ്സുകൾ നടത്താവുന്നതാണ്.

3. സാക്ഷരതാ ക്ലാസ്സുകൾക്ക് ഹാജർബുക്ക്, സന്ദർശക ഡയറി, പഠനസാമഗ്രികൾ, ബ്ലാക്ക് ബോർഡ്, ഉപകേന്ദ്രമാണെങ്കിൽ നെയിം ബോർഡ് എന്നിവ ഉണ്ടായിരിക്കണം.

4. ക്ലാസ്സ് എടുക്കേണ്ട രീതി, പരീക്ഷ, പഠന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പ്രേരക്മാർക്ക് സാക്ഷരതാമിഷൻ പരിശീലനം നൽകുന്നതാണ്. പഠിതാക്കളുടെ രജിസ്ട്രേഷൻ ഫോറം, ഹാജർ ബുക്കിന്റെ മാതൃക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

### B. സാമൂഹ്യസാക്ഷരതാപരിപാടി

1. സമഗ്ര പദ്ധതി നടക്കുന്ന കോളനികളിലെ എല്ലാ വ്യക്തികളെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും. പ്രേരക് ആണ് ബോധവൽക്കരണ പരിപാടികളുടെ സംഘാടന പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടത്. ആരോഗ്യം, വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി മാസത്തിൽ ഒരിക്കൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടാവുന്നതാണ്.

2. അതോടൊപ്പം സാക്ഷരതാമിഷൻ തയ്യാറാക്കുന്ന സാമൂഹ്യ സാക്ഷരതാപാഠാവലിയെ അടിസ്ഥാനമാക്കിയുള്ള സാമൂഹ്യ സാക്ഷരതാ ക്ലാസ്സുകളും സംഘടിപ്പിക്കേണ്ടതാണ്. ഊരിലെ ആകെ വീടുകളെ 15 വീടുകളുടെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ സമയം സാമൂഹ്യ സാക്ഷരതാ പാഠാവലിയെ അടിസ്ഥാനപ്പെടുത്തിയുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കണം.

# കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

## തിരുവനന്തപുരം

## സമഗ്ര - ആദിവാസി സാക്ഷരതാതുടർവിദ്യാഭ്യാസ പദ്ധതി

## പഠിതാക്കളുടെ രജിസ്ട്രേഷൻ ഫോറം

ജില്ല : ഗ്രാമപഞ്ചായത്ത് :

വാർഡ് : ഊര് :

| ക്രമ നമ്പർ | പഠിതാവിന്റെ പേര്, വിലാസം | സ്ത്രീ | പുരുഷൻ | ട്രാൻസ് ജൻഡർ | വയസ്, ജനനതീയതി | ജാതി, മതം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

ഒപ്പ് :

പേര്:

പ്രേരക്

E:\2014\Project\Samagra\Regn forum- Learners.xlsx

# സമഗ്ര - ആദിവാസി സാക്ഷരതാതുടർവിദ്യാഭ്യാസ പദ്ധതി ഹാജർ - സാക്ഷരതാക്ലാസ്

വർഷം : .................. മാസം : ..................... തദ്ദേശസ്വയംഭരണസ്ഥാപനം : .............................. വാർഡ് : ............... ഊര് : .........

| ക്രമ നം. | പഠിതാവ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 | 31 | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 2 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 3 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 4 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 5 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 6 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 7 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 8 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 9 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 10 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 11 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 12 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 13 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 14 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 15 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 16 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 17 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 18 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 19 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 20 | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| 21 | ഇൻസ്ട്രക്ടർ | | | | | | | | | | | | | | | | | | | | | | | | | | | | | | | | |

# 8

# മോണിറ്ററിങ്, അവലോകനം

1. പദ്ധതിപ്രദേശത്തെ ആദിവാസി സാക്ഷരതാസമിതികൾ അതത് ഊരുകളിൽ നടക്കുന്ന 'സമഗ്ര' പദ്ധതിയുടെ മോണിറ്ററിംഗ് നിർവഹിക്കും.

2. പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ആദിവാസി സാക്ഷരതാസമിതികൾ അതത് ഗ്രാമപഞ്ചായത്തുകളിലെ ഊരുകളിൽ നടക്കുന്ന 'സമഗ്ര' പദ്ധതിയുടെ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തും.

3. ജില്ലാ തലത്തിൽ ജില്ലാ സാക്ഷരതാസമിതി ചെയർമാൻ, സാക്ഷരതാമിഷൻ കോ-ഓർഡിനേറ്റർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, പ്രോജക്ട് ഡെവലപ്പ്മെന്റ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്തും.

4. സംസ്ഥാന തലത്തിൽ സാക്ഷരതാമിഷൻ ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്നിവർ ഉൾപ്പെട്ട കോർ ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തും.

5. പ്രാദേശിക ആദിവാസി സാക്ഷരതാസമിതി യോഗങ്ങൾ എല്ലാ മാസവും ചേരണം. രണ്ടു മാസത്തിൽ ഒരിക്കൽ ഗ്രാമപഞ്ചായത്തുതല ആദിവാസി സാക്ഷരതാസമിതി യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണം.

6. പ്രതിമാസ അവലോകന യോഗം ജില്ലാ സാക്ഷരതാമിഷൻ സംഘടിപ്പിക്കും.

7. മോണിറ്ററിംഗിന്റെ ഭാഗമായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പഠനകേന്ദ്രങ്ങൾ സന്ദർശിച്ച് പഠിതാക്കൾക്ക് പിൻതുണയും പ്രോത്സാഹനവും നൽകും.